**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2476** **15-10-2024 - ൽ മറുപടിയ്ക്ക്**

**തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്കിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലായി 1,710 ഏക്കർ വ്യാപിച്ചുകിടക്കുന്ന പദ്ധതി ആണ്. നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റും (NICDIT) കേരള സർക്കാരും 50:50 ഇക്വിറ്റി പങ്കാളിത്തത്തോടെ "The Kerala Industrial Corridor Development Corporation Limited" (KICDC) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചു. എൻ.ഐ.സി.ഡി.സി നിയമിച്ച കൺസൾട്ടന്റ് market assessment study ഉം Project Report ഉം തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം കണ്ണമ്പ്രയിൽ ആകെ 313 ഏക്കറിൽ 54.21% ഭൂമി (169.67 ഏക്കർ) വ്യാവസായിക ആവശ്യങ്ങൾക്കും, ഇതിൽ 107.34 ഏക്കർ ഫുഡ്സ് & ബീവറേജസ് മേഖലയ്ക്കും, 20.1 ഏക്കർ നോൺ-മെറ്റാലിക് മിനറൽ ഉത്പന്നങ്ങൾക്കും, 30.67 ഏക്കർ റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കും, 11.56 ഏക്കർ റീസൈക്കിൾ ഉൽപന്നങ്ങൾ എന്നിവയ്ക്കും വിനിയോഗിക്കും. കൂടാതെ, 40.38 ഏക്കർ റോഡുകൾക്കും, 4.66 ഏക്കർ പാർപ്പിട ആവശ്യങ്ങൾക്കും, 2.94 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കും, 4.72 ഏക്കർ അടിസ്ഥാന സൗകര്യങ്ങൾക്കും ഉപയോഗിക്കും. |

സെക്ഷൻ ഓഫീസർ